കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN :U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (REES) &

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ഊർജ്ജ കേരള മിഷൻ

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള

ഫോൺ +91 9446008137, ഇ-മെയിൽ : safetykseb@gmail.com, വെബ് സൈറ്റ് : www.kseb.in

നമ്പർ:- സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിട്ട്സ്/2023-24/226 തീയതി: 19 -/12/ 2023

13-11-2023-നു പകൽ 10.30 നു വീഡിയോ കോൺഫറൻസ് മുഖേന കൂടിയ പതിനാറാമത് സംസ്ഥാന തല സുരക്ഷാ യോഗത്തിന്റെ നടപടിക്കുറിപ്പ്

(1) ശ്രീ സുരേന്ദ്ര പി , ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി)

(2) ശ്രീ പ്രസാദ് V N, ചീഫ് എഞ്ചിനീയർ (REES & SOURA) & ചീഫ് സേഫ്റ്റി കമ്മീഷണർ

(3) ശ്രീമതി. ഷീബ.കെ.എസ്, ചീഫ് എഞ്ചിനീയർ, എസ് സി എം

(4) ശ്രീ .വിനോദ്.ജി, അഡിഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ(i/c), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് .

(5) ശ്രീ.രാജേഷ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

(6) ശ്രീ.സുധർമ്മൻ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

(7) ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

(8) ശ്രീമതി സ്മിതാ മാത്യു, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

(9) ശ്രീമതി ലീലാമ്മായി.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

(10) ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

(11) ശ്രീ.സുദേവ്കുമാർ .എം.കെ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

(12) ശ്രീമതി. സജിതകുമാരി.ടി.എസ്, റ്റി .എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ,ഐ.റ്റി & എസ്.സി,എം)

(13) ശ്രീ റാം മഹേഷ് R, ചീഫ് പേഴ്സണൽ ഓഫീസർ

(14) ശ്രീമതി മഞ്ജു എസ് ദേവ്,എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം.

(15) ശ്രീ ഷാജ് കുമാർ ജി , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, O/o Director (Generation Electrical)

(16) ശ്രീ സജീവ് കുമാർ M P , KSEBWA പ്രതിനിധി

(17) ശ്രീ ലിജീഷ് , KSEBWA പ്രതിനിധി

(18) ശ്രീ പ്രകാശ് കുമാർ.പി. റ്റി, KSEBOA പ്രതിനിധി

(19) ശ്രീ.വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

(20) ശ്രീമതി.ജീന. ജി.കെ , KPBOF പ്രതിനിധി.

(21) ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

(22) ശ്രീ. ആർ. രാജീവ്, KOWO പ്രതിനിധി

(23) ശ്രീ. അരുൺ, KSEBO സംഘ് പ്രതിനിധി

(24) ശ്രീ അജയ് ശ്രീ ഹർഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(25) ശ്രീ അനന്തകൃഷ്ണൻ എം ജി, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

(26) ശ്രീമതി ഫാത്തിമാ ബീവി. എ, അസിസ്റ്റൻറ് എൻജിനീയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പകൽ 10.30 ന വീഡിയോ കോൺഫറൻസിംഗിലൂടെ യോഗനടപടികൾ ആരംഭിച്ചു.

- അദ്ധ്യക്ഷൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.
- വൈദ്യുത ആഘാതം ഏറ്റ് മരിച്ച ബോർഡ് ജീവനക്കാരായ ശ്രീ.വിനോദ് കുമാർ (ഇലക്ട്രിസിറ്റി വർക്കർ) , അജികുമാർ (ലൈൻ മാൻ) എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഒരു മിനിറ്റ് മൗന പ്രാർത്ഥന നടത്തി.

തുടർന്ന് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി) സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

<u>ശ്രീ.സുരേന്ദ്ര പി , ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ , എസ് സി എം ,ഐ ടി & സേഫ്റ്റി)</u>

- അടുത്തിടെ ഉണ്ടായ വൈദ്യുത അപകടങ്ങളിലുള്ള ദുഃഖം രേഖപ്പെടുത്തി.
- ഒരുസ്ഥാപനത്തിൽ ജോലിചെയ്യുന്ന ജീവനകാരന്റെ സുരക്ഷ ഉറപ്പാക്കേണ്ടത് ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്തം ആണ്. അതായത് സേഫ്റ്റിയും occupational health ഉം . അത്തരത്തിൽ KSEB യും സേഫ്റ്റിക്കും occupation health നും വളരെ പ്രാധാന്യം നൽകിവരുന്നുണ്ട്. 2018 മുതൽ ജീവനക്കാരന്റെ സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്.
- ഫീൽഡിൽ ജോലിചെയ്യുന്ന ഓരോ ജീവനക്കാരനും സ്വയം ഉൾക്കൊണ്ടുകൊണ്ട്

പ്രവർത്തിച്ചാൽ മാത്രമേ ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞു.

- സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള ഉത്തരവാദിത്വം ഓരോ ജീവനക്കാരനും ഉണ്ട്.ജീവനക്കാർ സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് മൂലമാണ് അപകടങ്ങൾ സംഭവിക്കുന്നത്

- ഇത്രയധികം സുരക്ഷയ്ക്ക് പ്രാധാന്യം നൽകികൊണ്ടുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും എന്തുകൊണ്ട് അത് പാലിക്ക പ്പെടുന്നില്ല എന്ന് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്.

- സുരക്ഷയുമായി ബന്ധപ്പെട്ട ഒരു IT ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്യേണ്ടതുണ്ട്.

- ഇനി ഒരു അപകടം ഉണ്ടാകാതിരിക്കാൻ എന്താണ് ചെയ്യേണ്ടത് എന്ന് ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കാനും നിർദ്ദേശം നൽകി.

<u>ചീഫ് സേഫ്റ്റി കമ്മീഷണർ</u>

- റാന്നി പെരിനാട്ടും, കൈപ്പമംഗലത്തും ഉണ്ടായ അപകട മരണങ്ങളിലുള്ള ദുഃഖം രേഖപ്പെടുത്തി. എന്നാലും ഇത്ര അധികം മീറ്റിങ്ങുകളും സുരക്ഷാ ക്ലാസ്സുകളും നൽകിയിട്ടും അതിൽ നിന്നും ജീവനക്കാർ ആർജ്ജവം ഉൾക്കൊള്ളുന്നില്ല എന്ന് അദ്ദേഹം സൂചിപ്പിച്ചു. 28.10.2023 ൽ നടത്തിയ refreshment training –ൽ പങ്കെടുത്ത സബ് എഞ്ചിനീയറും വർക്കറും ആണ് കൈപ്പമംഗലത്തെ ജോലിയിൽ ഏർപ്പെട്ടത് എന്നത് ആശങ്കാജനകം ആണ്.

- ജീവനക്കാർക്കിടയിൽ സംഭവിക്കുന്ന അപകടങ്ങളുടെ തോത് കുറച്ചു കൊണ്ടുവരുന്നതിന് സുരക്ഷാ വീഴ്ച്ച മൂലമുള്ള അപകടങ്ങൾക്കെതിരെ കർശന നടപടി എടുക്കുന്നതിനു ഒപ്പം തന്നെ ഉത്തരവാദിയായ ജീവനക്കാരനിൽ നിന്നും ഒരു ഫൈൻ ഈടാക്കണം.അത്തരത്തിലുള്ള ഒരു "ഫൈൻ സിസ്റ്റം" കൊണ്ടുവരണം. സാമ്പത്തിക നഷ്ടം ഉണ്ടാകുമ്പോൾ അത് ഉണ്ടാകാതിരിക്കാൻ സ്വയം ശ്രദ്ധിക്കും.

- CSC ഡെസ്ക്-ൽ പറയുന്ന കാര്യങ്ങൾ സൺറൈസ് മീറ്റിംഗിൽ പല സെക്ഷനുകളിലും ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞു.

- ജനറൽ ട്രാൻസ്ഫർ മുഖേന പുതിയ ജീവനക്കാർ - പ്രധാനമായും മറ്റു മേഖലകളിൽ (ട്രാൻസ്മിഷൻ & ജനറേഷൻ) നിന്നും- സെക്ഷനോഫീസുകളിൽ വരുമ്പോൾ ഒരാഴ്ച്ച

അവർക്ക് training നൽകുവാൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശ്രദ്ധിക്കേണ്ടതാണ്.

- പല സെക്ഷൻ ഓഫീസുകളിലും രജിസ്റ്ററുകൾ ഒന്നും കൃത്യമായിട്ട് സൂക്ഷിക്കുന്നില്ല എന്നും പലയിടത്തും ട്രാൻസ്ഫോർമർ രജിസ്റ്റർ തന്നെ ഇല്ലാ എന്നും കൂടാതെ SLD അപ്ഡേറ്റ് ചെയ്തിട്ടില്ലാ എന്നും ഇൻസ്പെക്ഷനുകളിൽ ശ്രദ്ധിക്കപ്പെട്ടു.
- Consumer പ്രിമിസസിൽ ELCB യുടെ അനിവാര്യത അധ്യക്ഷൻ ഒന്നുകൂടി ഓർമിപ്പിച്ചു .
- സൻറൈസ് മീറ്റിങ്ങുകളിൽ "സേഫ്റ്റി ലീഡർ" നിർബ്ബന്ധം ആക്കണം.
- അപകടത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കൃത്യമായും വ്യക്തമായും സമർപ്പിക്കുവാനും നിർദ്ദേശം നൽകി.
- ഫീൽഡ് തലത്തിൽ അപകടം കുറയ്ക്കുവാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതായി അദ്ദേഹം പറഞ്ഞു.
- Plan work കളിൽ മെയിന്റനൻസിന് പ്രാധാന്യം നലകിക്കൊണ്ടുള്ള വർക്കുകൾ ഉൾപ്പെടുത്തുവാനുള്ള ചർച്ച വേണമെന്ന് അഭിപ്രായപ്പെട്ടു.

<u>ശ്രീ വിനോദ് ,ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് പ്രതിനിധി</u>

- ഈ review കാലയളവിൽ ആകെ 51 മാരകമായ അപകടങ്ങളും 16 മാരകമല്ലാത്ത അപകടങ്ങളും ഉണ്ടായി. അപകടരഹിത കേരളം ആണ് നമ്മുടെ അജൻഡ, അതിന് KSEBL അപകടരഹിതം ആകേണ്ടതുണ്ട്.
- ACSR/ കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് റീകണ്ടക്ടറിങ്ങ് വർക്ക് ചെയ്യുക, കൂടാതെ സ്പേസറും ഉപയോഗിക്കുക. അപ്പോൾ കണ്ടക്ടർ പൊട്ടി വീണുള്ള അപകടം ഒഴിവാക്കാം.
- പ്ലേട്ട സെക്ഷനിൽ ചെയ്തതുപോലെ ട്രാൻസ്ഫോർമർ സെക്കന്ററിയിൽ circuit breakar സ്ഥാപിക്കുക.
- സെക്ഷൻ ഓഫീസുകളിൽ ഫീഡിംഗ് arrangement ൻറെ അപ്ഡേറ്റഡ് ഡയഗ്രം/ ബോർഡ് വേണം.
- ടച്ചിംഗ് ക്ലിയറൻസ്/ ലൈൻ പട്രോലിങ്ങ് നടത്തുമ്പോൾ - ലൈനുമായി ക്ലിയറൻസ് ഇല്ലാതെ കാണുകയാണെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിനെ അറിയിക്കുക.

- സബ്സ്റ്റേഷനുകളിൽ മൂന്നുമാസത്തിലൊരിക്കൽ എർത്ത് resistance ചെക്ക് ചെയ്യുക.
- അനധികൃത കേബിളുകൾ റിമൂവ് ചെയ്യാനുള്ള നടപടി സ്വീകരിക്കുക.
- സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുമ്പോൾ ലൈൻ ഓഫ് ചെയ്യണം.(c ഗ്രേഡ് കോൺട്രാക്ടർ)ലൈസൻസുള്ള കോൺട്രാക്ടറിനെ കൊണ്ട് വർക്ക് ചെയ്യിപ്പിക്കുക.
- CEA Regulation, 2023, Regulation 21 (2) പ്രകാരം നോൺ കണ്ടക്ടീവ് ലാഡർ ഉപയോഗിക്കുക.
- കൺസ്യൂമർ പ്രിമിസസുകളിൽ ELCB നിർബന്ധം ആക്കുവാൻ നോട്ടീസ് നൽകുക
- CEA Regulation, 2023, ഷെഡ്യൂൾ VIII A പ്രകാരം ഹൈവേയ്ക്ക് across ആയിട്ട് UG കേബിൾ മാത്രമേ ഉപയോഗിക്കാവൂ എന്നാണ്, KSEBL ഇത് എത്രത്തോളം പ്രായോഗികമാണെന്ന് പരിശോധിക്കേണ്ടതാണ്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിലെ അസിസ്റ്റൻറ് എൻജിനീയർ ശ്രീ അനന്തകൃഷ്ണൻ അപകടങ്ങളെയും സുരക്ഷാ പ്രവർത്തനങ്ങളെയും സംബന്ധിച്ച പവർ പോയിൻറ് പ്രസന്റേഷൻ അവതരിപ്പിച്ചു.

<u>ശ്രീ റാം മഹേഷ്, ചീഫ് പേഴ്സണൽ ഓഫീസർ</u>

- അപകടങ്ങൾക്ക് നഷ്ടപരിഹാരമായി കഴിഞ്ഞ മൂന്നുമാസം കെഎസ്ഇബി-എൽ വിതരണം ചെയ്ത തുക വിശദീകരിച്ചു. ഒരു കോടിയോളം രൂപ നൽകിയതായി അറിയിച്ചു.
- കൺസ്യൂമർ പ്രിമിസസുകളിൽ ELCB നിർബന്ധം ആക്കുക. ഇതു സംബന്ധിച്ച അവബോധം നൽകുന്നതിന് മീറ്റർ റീഡർസിനെ ചുമതലപ്പെടുത്താവുന്നതാണ്. സംഘടനാ പ്രതിനിധികൾ ഈ വിഷയത്തിൽ ഇടപെട്ട് മേൽ പറഞ്ഞ ആശയം നടപ്പാക്കുന്നത് നന്നായിരിക്കും.
- കോണ്ട്രാക്ട് സ്റ്റാഫിന് PPE kit നൽകുവാനുള്ള തീരുമാനം എന്തായി എന്ന് അന്വേഷിച്ചു. സേഫ്റ്റി awareness ക്ലാസ്സ് അവർക്കും കൂടി നൽകണം എന്ന് അഭിപ്രായപ്പെട്ടു.
- SMART software update ആക്കണം എന്ന് പറഞ്ഞു. മുഖ്യ മന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ വന്ന കുമരകത്തെ അപകടം ഇതുവരെ SMART software ൽ enter ചെയ്തിട്ടില്ലെന്ന് പറഞ്ഞു.

- ഡ്യൂട്ടിക്കിടയിൽ ഉള്ള വാഹന അപകടങ്ങൾ SMART software-ൽ രേഖപ്പെടുത്തണം.

ശ്രീമതി. സ്മിതാ മാത്യു, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ 13 അപകടങ്ങൾ ഉണ്ടായതായി പറഞ്ഞു. കൂടുതലും കണസ്യൂമർ പ്രതിഷ്ഠാപനാങ്ങളിൽ നിന്നാണെന്ന് അറിയിച്ചു.
- LT സപ്ലൈ ഓഫ് ചെയ്യാതെ work ചെയ്യലും, എച്ച്.റ്റി ലൈനിൽ എൽ.റ്റി. എർത്ത് റോഡ് ടച്ച് ചെയ്ത് നോക്കിയതും ഒക്കെ ആണ് അപകട കാരണങ്ങൾ..അതിനാൽ പ്രത്യേകം സുരക്ഷാ ക്ലാസ്സ് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാലും ക്ലാസ് അറ്റൻഡ് ചെയ്തവർ പോലും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നു എന്ന് അഭിപ്രായപെട്ടു.
- സെക്ഷനുകളിൽ മതിയായ ജീവനക്കാരുടെ എണ്ണമില്ലെന്ന് അറിയിച്ചു.
- 19.10.2023- ലെ സർക്കുലർ പ്രകാരം 108 സെക്ഷൻ ഓഫീസുകളിൽ 90 സെക്ഷനിൽ refreshment ട്രെയിനിംഗ് നൽകി. ബാക്കിയുള്ളിടത്ത് ഈ ആഴ്ച കൊണ്ട് complete ചെയ്യും എന്ന് അറിയിച്ചു.
- ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ ഉത്തരവാദിയായ ജീവനക്കാർക്ക് എതിരെ അച്ചടക്കനടപടി എടുക്കേണ്ടത് ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ ആണോ എന്നതിൽ ഒരു വ്യക്തത വരുത്തണം എന്ന് അഭിപ്രായപ്പെട്ടു.

ചീഫ് സേഫ്റ്റി കമ്മീഷണർ

- അപകടങ്ങൾ ഇനി ഉണ്ടാകാതിരിക്കാൻ എല്ലാ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരും പ്രത്യേകം ശ്രദ്ധിക്കണമെന്നും സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തണമെന്നും പ്രത്യേകിച്ച് അപകട മരണങ്ങൾ ഉണ്ടാകുന്ന സൈറ്റുകൾ സന്ദർശിച്ചിരിക്കണമെന്നും നിർദ്ദേശിച്ചു.

ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

- മേഖലയ്ക്ക് കീഴിൽ മീറ്റിംഗ് റിവ്യൂ കാലയളവിൽ സംഘടിപ്പിച്ച അപകടങ്ങൾ വിശദീകരിച്ചു.
- വെട്ടം സെക്ഷനിലുണ്ടായ അപകടത്തിൻറെ ചീഫ് സേഫ്റ്റി ഓഫീസെറുടെ റിപ്പോർട്ട് മാത്രമേ കിട്ടിയുള്ളൂ എന്ന് അറിയിച്ചു. A pole ൻറെ manufacturing defect- ചീഫ് എഞ്ചിനീയർ (നോർത്ത്) ൻറെ അഭിപ്രായം ചോദിക്കണം.

- 19.10.2023- ലെ സർക്കുലർ പ്രകാരം 216 സെക്ഷൻ ഓഫീസുകളിലും refreshment ട്രെയിനിംഗ് നടത്തി.

- SMART എൻട്രികൾ എല്ലാം അപ്ഡേറ്റ് ആണെന്നും, Disciplinary Enquiry- കൾ ഡിവിഷൻ ഓഫീസുകളിൽ തന്നെ ചെയ്യുന്നുണ്ടെന്നും അറിയിച്ചു.

<u>ചീഫ് സേഫ്റ്റി കമ്മീഷണർ</u>

- Unsafe ആയിട്ടുള്ള വർക്ക് സൈറ്റിൽ വർക്ക് ചെയ്യുവാൻ നിർദ്ദേശിക്കുമ്പോൾ "പറ്റില്ല" എന്ന് പറയുവാനുള്ള ആർജ്ജവം ഓരോ ജീവനക്കാരനും ഉണ്ടായിരിക്കണം.

- എല്ലാ അപകടങ്ങളും SMART ൽ രേഖപ്പെടുത്തണം.

<u>ശ്രീമതി. ഷീബ.കെ.എസ്, ചീഫ് എഞ്ചിനീയർ, എസ് സി എം</u>

- വെണ്ടർ രജിസ്ട്രേഷൻ പൂർത്തിയായി.

- എല്ലാ materials ഉം വെണ്ടർ രജിസ്ട്രേഷൻ വഴി അല്ല പർച്ചേസ് ചെയ്യുന്നത്.

- Weather proof wire പർച്ചേസ് - വെണ്ടർ രജിസ്ട്രേഷൻ ആണ്.

- 16 സുരക്ഷാ ഉപകരണങ്ങളിൽ 7 എണ്ണത്തിന് വെണ്ടർ രജിസ്ട്രേഷൻ ആയിട്ടുണ്ട്.

- 5 എണ്ണം GeM portal വഴി ഫീൽഡ് ഓഫീസേഴ്സ് പർച്ചേസ് ചെയ്യണം എന്ന് അറിയിച്ചിട്ടുണ്ട്.

<u>ശ്രീ സജീവ് കുമാർ, KSEB WA പ്രതിനിധി</u>

- Materials -ൻറെ ഗുണനിലവാരം ഉറപ്പാക്കേണ്ടുണ്ട്, കാരണം ഒരു സർക്കിളിൽ നിന്നും നിരസിക്കുന്ന (reject) materials വേറെ സർക്കിളിൽ കൊടുക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.ക്രോസ് ആം, ബോൾട്ട് & നട്ട്സ്, ഇൻസുലേറ്റർ മുതലായവ. അതിനാൽ വെണ്ടർ രജിസ്ട്രേഷൻ നിർബന്ധമാക്കുക.

- വണ്ടന്മേട് അപകടത്തിൽ- ആ സൈറ്റിൽ ഉപയോഗിച്ചിരുന്നത് AAC ആണ്. അതുകൊണ്ട് അപകട തോത് കുറയ്ക്കാൻ ABC കണ്ടക്ടർ ഉപയോഗിക്കുക.

ശ്രീമതി. സജിതകുമാരി.ടി.എസ്, റ്റി .എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ,ഐ.റ്റി & എസ്.സി,എം)

- 2023-24 പ്ലാൻ വർക്കിൽ bare കണ്ടക്ടർ ഉൾപ്പെടുത്തിയിട്ടില്ല എന്ന് അറിയിച്ചു.

ശ്രീമതി ലീലാമ്മായി.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

- വെണ്ടർ രജിസ്ട്രേഷൻ, എസ്.സി.എം വിങ്ങിന്റെ കുഴപ്പം അല്ലാ, അത് കാലാകാലങ്ങളിൽ വരുന്ന മാനേജ്മെന്റിൻറെ തീരുമാനം ആണെന്ന് പറഞ്ഞു.

ശ്രീമതി സന്ധ്യ ദിവാകർ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ നോർത്ത്)

- ലോക്കൽ പർച്ചേസ് വഴി വാങ്ങുന്ന സ്പെയിസർ ലോ ക്വാളിറ്റി ഉള്ളതാണ്, അതിനാൽ സെൻട്രലൈസീഡ് പർച്ചേസ് നടത്തണം.

ചീഫ് സേഫ്റ്റി കമ്മീഷണർ

- 13 mm ഉള്ള സ്പെയിസർ വാങ്ങുവാനും സ്പാൻ ലെങ്ങ്തിന് അനുസരിച്ച് സ്പെയിസർ ഇടണമെന്നും KSEB WA പ്രതിനിധി യുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

ശ്രീ.സുധർമ്മൻ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സെൻട്രൽ)

- കൈപ്പമംഗലം സെക്ഷനിൽ ഉണ്ടായ അപകട മരണത്തിനെ കുറിച്ച് വിശദീകരിച്ചു.
- 235 സെക്ഷനിലും refreshment ട്രെയിനിംഗ് നല്കിതായി അറിയിച്ചു.

ശ്രീ.രാജേഷ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ, സൗത്ത്)

- കരമന സെക്ഷനിൽ ഒഴികെ മറ്റെല്ലാ സെക്ഷനിലും refreshment ട്രെയിനിംഗ് നല്കിതായി അറിയിച്ചു.
- ഇൻറർ ലിങ്ക് പോസ്റ്റ്- ഐഡെന്റിഫിക്കേഷൻ വർക്ക് (കളർ കോഡിംഗ് ഉൾപ്പെടെ) നടന്നുകൊണ്ടിരിക്കുന്നു.
- സ്പെയിസർ ഇടുന്ന ജോലി 50% - 60% പൂർത്തിയായിട്ടുണ്ടെന്നും ഡിസംബറോടുകൂടി പൂർത്തിയാകുമെന്നും പറഞ്ഞു.
- കേബിൾ ടി വി ടാഗ്ഗിംഗ് 75% പൂർത്തിയായി.
- വാഹനത്തിൻറെ ലഭ്യത ക്കുറവ് ഇന്സ്പെക്ഷനെ ബാധിക്കുന്നതായി അറിയിച്ചു.

- ELCB യുടെ പ്രാധാന്യം മീറ്റർ റീഡെർസിനെ കൂടി ഉൾപ്പെടുത്തി ഉപഭോക്താക്കളെ aware ചെയ്യാം.

ചീഫ് സേഫ്റ്റി കമ്മീഷണർ

- വെഹിക്കിൾ- നോട്ട് വച്ചിട്ടുണ്ടെന്നും ആയത് 17.11.2023 ലെ ബോർഡ് മീറ്റിംഗിൽ തീരുമാനം ആകും എന്ന് കരുതുന്നതായി പറഞ്ഞു.
- എല്ലാ ജനറേഷൻ സ്റ്റേഷനുകളിലെയും കൺട്രോൾ റൂമുകളിൽ ഒന്നിൽ കൂടുതൽ "Exit" ആവശ്യം ആണ്.

ശ്രീ. സുദേവ് കുമാർ.എം.കെ , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ ജനറേഷൻ വിഭാഗത്തിൽ ഒരു അപകടം ഉണ്ടായി. ലൈൻ മാൻ ശ്രീ.സന്തോഷിൻറെ വിരലിൽ ചതവുണ്ടായി.
- Ambulance ൻറെ ആവശ്യകത – വിജിലൻസിൻറെ ഓഫീസിൽ കത്ത് നൽകിയിട്ടുണ്ട്, സുരക്ഷ മുൻനിറുത്തി ചീഫ് സേഫ്റ്റി കമ്മീഷണർ ഇടപെടണം എന്ന് അപേക്ഷിച്ചു.
- ജനറേഷൻ വിങ്ങിനു SMART ൽ access വേണം എന്ന് ആവശ്യപ്പെട്ടു.

ശ്രീ മനോജൻ പി പി , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ നോർത്ത്)

- മീറ്റിംഗ് റിവ്യൂ കാലയളവിൽ പ്രസരണ വിഭാഗം നോർത്ത് മേഖലയിൽ അപകട മരണം ഇല്ലാ എന്നും തൃശ്ശൂർ പബ്ലിക്കിന് ഒരു അപകടം ഉണ്ടായതായും അറിയിച്ചു .
- മേഖലയ്ക്ക് കീഴിൽ സംഘടിപ്പിച്ച സുരക്ഷാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.
- PETARC ടെയിനിങ്ങിൽ നിർദ്ദേശിക്കുന്ന തരത്തിലാണ് മൊബൈൽഫോൺ ഉപയോഗിക്കുന്നത് എന്ന് പറഞ്ഞു.

ചീഫ് സേഫ്റ്റി കമ്മീഷണർ

- മൊബൈൽഫോണിൻറെ ഉപയോഗത്തിൽ നിയന്ത്രണം വേണമെന്ന് നിർദ്ദേശം നൽകുകയും ഷിഫ്റ്റിലെ വർക്കിനെ കുറിച്ച് അറിയാവുന്നവർ ആണോ ഡ്യൂട്ടി ചെയ്യുന്നതെന്നും അന്വേഷിച്ചു.

ശ്രീമതി ലീലാമ്മായി.എ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത്)

- സീറോ ആക്സിഡന്റ് ആണ് ലക്ഷ്യം എങ്കിലും ആക്സിഡന്റ് പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ലെങ്കിലും കുറയ്ക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിച്ചു.
- മേഖലയ്ക്ക് കീഴിൽ മീറ്റിംഗ് റിവ്യൂ കാലയളവിൽ സംഭവിച്ച അപകടങ്ങളെ കുറിച്ച് പറഞ്ഞു.
- ഒരു സർക്കിളിൽ ഒഴികെ മറ്റെല്ലാ സ്ഥലങ്ങളിലും മീറ്റിംഗ് നടത്തിയതായി പറഞ്ഞു.
- സേഫ്റ്റി മീറ്റിങ്ങുകളും സേഫ്റ്റി ഇന്സ്പെക്ഷനുകളും നടത്തുന്നുണ്ടെന്ന് പറഞ്ഞു.
- മറ്റ് സർക്കാർ ഓഫീസുകളിൽ ജോലിചെയ്യുന്ന വ്യക്തികൾ നൈറ്റ് ഷിഫ്റ്റിൽ വർക്ക് ചെയ്യുന്നതായി അറിയുവാൻ സാധിച്ചെന്നു പറഞ്ഞു.

ചീഫ് സേഫ്റ്റി കമ്മീഷണർ

- ഷിഫ്റ്റ് ഡ്യൂട്ടി arrange ചെയ്യുമ്പോൾ നിർബന്ധമായും നിയമം നോക്കണമെന്നും അതിന് strict direction നൽകുവാനും ആരാണ് ഇത്തരത്തിൽ ചെയ്യുന്നതെന്ന് അന്വേഷിക്കുവാനും പറഞ്ഞു.

ശ്രീ സജീവ് കുമാർ, KSEB WA പ്രതിനിധി

- അടുത്ത മീറ്റിങ്ങിനെ കുറിച്ചുള്ള അറിയിപ്പും അജെണ്ടയും whatsapp ഗ്രൂപ്പിൽ കൂടി ഇടണമെന്നും ഗ്രൂപ്പിൽ ഓരോ അംഗത്തെയും കൂടി ഉൾപ്പെടുത്തണം എന്നും അഭിപ്രായപ്പെട്ടു.
- സേഫ്റ്റി ക്ലാസ്സുകൾ നടക്കുന്നുണ്ട്, പക്ഷേ ഇൻസ്പെക്ഷനുകൾ കുറേ കൂടി കാര്യക്ഷമം ആക്കണം, എന്തെന്നാൽ സേഫ്റ്റി ഉപകരണങ്ങൾ നല്കുന്നുണ്ടെങ്കിലും അത് കൃത്യമായി ധരിക്കുന്നുണ്ടോ എന്ന് നോക്കി ജീവനക്കാർക്ക് വേണ്ട വാണിംഗ് നൽകണം. സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇത് ഗൌരവമായി കാണണം.
- ഡിവിഷൻ തലത്തിൽ സേഫ്റ്റി മീറ്റിങ്ങ് നടത്താത്ത സ്ഥലങ്ങളും ഉണ്ടെന്ന് അഭിപ്രായപ്പെട്ടു, പ്രത്യേകിച്ച് ഇടുക്കി ജില്ല.
- കട്ടപ്പന ഡിവിഷനിൽ മീറ്റിംഗ് നടത്തിയിട്ട് യൂണിയൻ പ്രതിനിധികളെ വിളിച്ചില്ലെന്നു അറിയിച്ചു.

- സെക്ഷനുകളിൽ ലൈൻ പട്രോളിങ്ങിന്റെ അപാകതയുണ്ടെന്ന് ചൂണ്ടിക്കാട്ടി.
- 30 കെ.വി.എ യ്ക്ക് താഴെ ഉള്ള DG set നും സോളാർ പാനലിനും ഇൻസ്പെക്ഷൻ വേണ്ട എന്നുള്ള ഉത്തരവ് പുനപരിശോധിക്കണം.
- AAC കണ്ടക്ടർ മാറ്റിയെന്നും, ഇന്റെർലിന്ക് പോസ്റ്റ് ഐഡൻറ്റിഫിക്കേഷൻ മാർകിംഗ് കഴിഞ്ഞു വെന്നും റിപ്പോർട്ട് നൽകിയിട്ടുള്ള സെക്ഷനുകളിൽ പിന്നീട് ഇന്റെർലിന്ക് പെയിൻറിംഗ് കഴിഞ്ഞിട്ടില്ലാ എന്ന് കണ്ടെത്തിയാൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ മുകളിലോട്ടുള്ളവരുടെ പേർക്ക് നടപടി എടുക്കണം എന്ന് അഭിപ്രായപ്പെട്ടു.
- Disciplinary യുമായി ബന്ധപ്പെട്ട ബോർഡ് ഓർഡറിൽ നിന്നും ചീഫ് വിജിലൻസ് ഓഫീസറെ ഒഴിവാക്കണമെന്ന് കത്ത് നൽകാമെന്ന് പറഞ്ഞു. ആവശ്യപ്പെടുംവിധം ബോർഡ് തലത്തിൽ കത്ത് നൽകാമെന്ന് പറഞ്ഞു.
- ചില സർക്കിളുകളിൽ skylift ലഭിച്ചിട്ടും ഉപയോഗിക്കാത്ത സാഹചര്യം ഉണ്ട്.
- 30.8.2023- ൽ തൊളിക്കോട് സെക്ഷനിൽ കരാർ മീറ്റർ റീഡർ (രതീഷ്) മരണപ്പെട്ടത് ഷോക്ക് ഏറ്റിട്ടാണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെന്നു പറഞ്ഞു. പക്ഷേ എങ്ങനെ അത് സംഭവിച്ചു എന്നതിൽ വ്യക്തതയില്ല, ഇത് അന്വേഷിക്കണം.
- ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആണ് ഇതിൽ വ്യക്തത നൽകേണ്ടതെന്ന് CSC അറിയിച്ചു.

<u>ശ്രീ പ്രകാശ്കുമാർ. പി. റ്റി, KSEBOA പ്രതിനിധി</u>

- materials ൻറെ ലഭ്യതക്കുറവുള്ളതായി പറയുകയും 2022-23 ലെ വർക്കിന് ആവശ്യമുള്ള materials ഇപ്പോൾ വന്നു കൊണ്ടിരിക്കുന്നതെ ഉള്ളൂ എന്നും പറഞ്ഞു
- പെർമിറ്റ് ടു വർക്ക് & വർക്ക് ആതറൈസേഷൻ എന്നിവ ഓൺലൈൻ ആക്കുക.
- ഹോട്ട് ലൈൻ മെയിന്റനന്സ് പ്രാവർത്തികമാക്കുക.
- D O ഫ്യൂസ് renewal ചെയ്യുന്നത് ഹോട്ട് ലൈനിൽ ചെയ്യുവാനുള്ള നടപടി എടുക്കണം.

- നിലവിലെ സേഫ്റ്റി പ്രൊസീജർ & പോളിസിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം..

ശ്രീ വിജി പ്രഭാകരൻ, KSEBEA പ്രതിനിധി

- സേഫ്റ്റി ഒഫീസേഴ്സ്- ഇന്സ്പെക്ഷനുകൾ സർപ്രൈസ് ആക്കുക
- സെക്ഷനുകളിൽ വേണ്ടത്ര ടെക്നിക്കൽ സ്റ്റാഫ് ഇല്ല, ടെക്നിക്കൽ അറിയാത്തവരെ ഫീൽഡിൽ നിയോഗിക്കാമോ എന്ന് ചോദിച്ചു.
- കോൺട്രാക്റ്റ് സ്റ്റാഫിനെ ഫീൽഡ് വർക്കിൽ engage ചെയ്യാമോ?
- ഇലക്ട്രിസിറ്റി വർക്കർമാർക്കും കൂടി സേഫ്റ്റി കിറ്റ് നൽകുവാനുള്ള നടപടി എടുക്കുക.
- D O ഫ്യൂസ് കെട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്.

ശ്രീമതി.ജീന. ജി.കെ , KPBOF പ്രതിനിധി

- സെക്ഷനിൽ സ്ഥിര ജീവനക്കാരുടെ അഭാവം -സുപ്പർവൈസിങ്ങിന് ആളെ നിയോഗിക്കാൻ സാധിക്കാറില്ല എന്ന് അറിയിച്ചു.
- മൊബൈൽഫോൺ- ഉപയോഗം സേഫ്റ്റിയെ ബാധിക്കുന്നതായി അറിയിച്ചു.
- ജീവനക്കാരുടെ ടെക്നിക്കൽ അറിവില്ലായ്മ സുരക്ഷാ വീഴ്ച്ചമൂലമുള്ള അപകടങ്ങൾക്കു കാരണമാകുന്നു.
- സെക്ഷനുകളിൽ എനർജി മീറ്ററിന്റെ ലഭ്യതക്കുറവുണ്ടെന്നു അറിയിച്ചു.

ശ്രീ. സുബ്രഹ്മണ്യൻ.കെ.കെ, KSEBOF പ്രതിനിധി

- ഇൻസ്പെക്ഷനുകൾ കുറേ കൂടി proper ആക്കുക.
- Reconductoring വർക്കുകൾ ചെയ്യുക
- Jio യുടെ കേബിളുകൾ ഇലക്ട്രിക് ലൈനിന് താഴെ നിന്നും മാറ്റിസ്ഥാപിക്കുക.
- KFON - proper maintenance നടത്തുവാനുള്ള നിർദ്ദേശം KFON അധികൃതർക്ക് നൽകണം.

- 33 കെ.വി. ലൈൻ 9 മീറ്റർ പോസ്റ്റിൽ കൂടി വലിച്ചിരിക്കുന്നത് മാറ്റിസ്ഥാപിക്കേണ്ടതാണ്.
- ELCB കർശനമാക്കുവാൻ നടപടി സ്വീകരിക്കണം എന്നുള്ള നിർദ്ദേശം വച്ചുകൊണ്ടുള്ള ബോർഡ് ഓർഡർ ഇറക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.
- RDSS ൻറെ ഫണ്ടിൽ നിന്നും ഒഴിവായി പോയ വർക്കുകൾ ദ്യുതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണം.
- ലോക്കൽ പർച്ചേസ് ചെയ്യുന്ന materials -ൻറെ ക്വാളിറ്റി മോശമാകുന്നതിനാൽ centralized പർച്ചേസ് ആക്കുക.
- ആക്സിഡന്റ് എൻക്വയറിയിൽ നിന്നും ചീഫ് വിജിലൻസ് ഓഫീസറെ ഒഴിവാക്കണം.

ശ്രീ. ആർ. രാജീവ്, KSEB വെൽഫയർ ഓഫീസേഴ്സ് അസോസിയേഷൻ

- AI പോലെ "സപ്ലൈ ഉണ്ട്" എന്ന് alarm ചെയ്യുന്ന ഒരു മൊബൈൽ അപ്ലിക്കേഷൻ KSEB യിൽ കൊണ്ടുവന്നാൽ നന്നായിരുന്നു വെന്ന് അഭിപ്രായപ്പെട്ടു.
- കോണ്ട്രാക്ട് ജീവനക്കാർക്കും സേഫ്റ്റി awareness ക്ലാസ് നൽകുക. അപകടം നടന്നാൽ സത്യസന്ധമായി വിശദമായ റിപ്പോർട്ട് തന്നെ നൽകണം.

ശ്രീ. അരുൺ, KSEBO സംഘ് പ്രതിനിധി

- ഫീൽഡ് ഓഫീസുകളിൽ സേഫ്റ്റി മീറ്റിങ്ങുകൾ പരിമിതപ്പെടുന്നതായി കാണുന്നു.
- സുരക്ഷാഉപകരണങ്ങൾ ഉപയോഗിക്കുന്നതിലെ വീഴ്ച അപകടത്തിലേയ്ക്ക് നയിക്കുന്നതായി പറഞ്ഞു.

ശ്രീമതി. സജിതകുമാരി.ടി.എസ്, റ്റി .എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ,ഐ.റ്റി & എസ്.സി,എം)

- സൺറൈസ് മീറ്റിംഗിൽ അന്ന് ചെയ്യേണ്ട വർക്കിന്റെ പ്രൊസീജർ detail ആയി വിശദീകരിക്കുക.
- CSO മാർ കൂടി ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു.
- ഹോട്ട് ലൈൻ മെയിന്റനൻസിന് Expression of Interest പ്ലാനിങ്ങിൽ നിന്നും വിളിച്ചിട്ടുണ്ട്.

ശ്രീ ഷാജ് കുമാർ ജി , അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, O/o Director

(Generation Electrical)

- DSC പറഞ്ഞ ആംബുലൻസ്- പെരിങ്ങൽകുത്ത് സാംഗ്ഷൻ ആയിട്ടുണ്ട്, മൂഴിയാർ ഉടൻ സാംഗ്ഷൻ ആകും.
- Minister-ടെ മെസ്സേജ് കിട്ടിയാലുടൻ സേഫ്റ്റി മാനുവൽ പ്രസിദ്ധീകരിക്കാം.

ചീഫ് സേഫ്റ്റി കമ്മീഷണർ

- കൈപ്പമങ്ങലത്തെ അപകടത്തെ കുറിച്ച് സംസാരിച്ചു.
- ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിൽ ELCB നിർബന്ധമാക്കാൻ നല്ല രീതിയിൽ പ്രചരണം നൽകണം.
- Proximity ഉപകരണങ്ങൾ- MIDEA, ചേർത്തല ഡെവലപ്പ് ചെയ്തെടുക്കുന്നുണ്ടെന്ന് പറഞ്ഞു.
- LT സൈഡിൽ protection ന് സർക്യൂട്ട് ബ്രേക്കർ സംവിധാനം ചെയ്യാവുന്നതാണ്.
- ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നിവർ കൂടി സേഫ്റ്റി കാര്യങ്ങളിൽ involved ആകണം.
- സൺറൈസ് മീറ്റിംഗിൽ ഏതു ഉയർന്ന ഉദ്യോഗസ്ഥർക്കും അവരവരുടെ സൗകര്യാർത്ഥം പങ്കെടുക്കാവുന്നതാണ്.
- 2024 - അപകടമില്ലാത്ത വർഷമാക്കാൻ ശ്രമിക്കണമെന്ന് പറഞ്ഞു.
- യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും അധ്യക്ഷൻ നന്ദി അറിയിച്ചു
- പകൽ 2.30 ന് യോഗനടപടികൾ അവസാനിച്ചു.

ചീഫ് എഞ്ചിനീയർ (REES, SOURA)

& ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് സമർപ്പണം :TA To CMD, KSEBL / TA to D (Distribution, SCM, IT & Safety) /

T A To D (T,SO &/ D(G-E & REES, SOURA, SPORTS & WELFARE)/D(G-C)

പകർപ്പ്: യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും